# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 277 - 05.03.2012 - ൽ മറുപടിക്ക്**

**കേരളാ സ്വയം സംരംഭക മിഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സംസ്ഥാനം ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കേരള സ്വയം സംരംഭക മിഷന്റെ പ്രവർത്തനം വിശദമാക്കുമോ; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തതിനുശേഷം, പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശരഹിത സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പു വരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ.<br>കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കേരള സർക്കാരിന്റെ 8.12.2011-ലെ ജി.ഒ.(എം.എസ്) 590/11/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്.<br>തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. +2, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2011 ഡിസംബർ 12 മുതൽ 2012 ജനുവരി 7 വരെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായിരുന്നു രജിസ്ട്രേഷൻ.<br>3977 സംരംഭങ്ങൾ ഈ പദ്ധതിയുടെ ആദ്യ ബാച്ചിലേക്ക് രജിസ്റ്റർ ചെയ്തു. ഇതിൽ നിന്നും 812 പേരെ പരിശീലനത്തിനായി തിരഞ്ഞെടുത്തു. ആദ്യ ബാച്ചിന്റെ പരിശീലനം ഇപ്പോൾ |

| | | |
|---|---|---|
| | | പുരോഗമിക്കുകയാണ്. പരിശീലന ശേഷം ഇവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കും. പദ്ധതിയുടെ 90% വരെ എന്ന കണക്കിൽ, പരമാവധി 20 ലക്ഷം രൂപയാണ് വായ്പ. |
| (ബി) | ഈ പദ്ധതിയുമായി സഹകരിക്കാ.ൻ എത്ര പേർ മുന്നോട്ടു വന്നിട്ടുണ്ട്; | 3977 സംരംഭങ്ങൾ ഈ പദ്ധതിയുടെ ആദ്യ ബാച്ചിലേക്ക് രജിസ്റ്റർ ചെയ്തു. ഇതിൽ നിന്നും 812 പേരെ പരിശീലനത്തിനായി തിരഞ്ഞെടുത്തു. |
| (സി) | എത്ര പേർക്ക് ഇതേ വരെ ഇതിൻെറ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 812 പേർ ഇപ്പോൾ പരിശീലനത്തിലാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും സാമ്പത്തിക സഹായം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ